വോൾട്ടേജ് കമ്മി പരിഹരിക്കാൻ വേൾഡ് ബാങ്ക് സഹകരണത്തോടുള്ള പദ്ധതി

* 327. [353] ശ്രീ. കെ. മുസ്സകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാനത്തെ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിനു വേണ്ടി വേൾഡ്ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആ പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) പ്രാരംഭ ജോലികൾ തുടങ്ങിക്കഴിഞ്ഞു.

(സി) തൃശ്ശൂരിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ, കണ്ണൂരിൽ ഒരു 220 കെ.വി. സബ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനു പുറമേ, ഇടുക്കി-തൃശ്ശൂർ, തൃശ്ശൂർ-കോഴിക്കോട്, കോഴിക്കോട്-കണ്ണൂർ എന്നീ 220 കെ.വി. ലൈനുകൾ നിർമ്മിക്കുന്നതിനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് രൂപം കൊടുത്തിട്ടുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കാവുന്നതുമാണ്. ഇതിനു പുറമേ ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ചില സബ് സ്റ്റേഷനുകളിൽ 'സ്റ്റാറ്റിക്വാർ കോംപൻ സേറ്റർ' എന്ന ആധുനിക ഉപകരണം സ്ഥാപിച്ച് വോൾട്ടേജ് മെച്ചപ്പെടുത്താനും പരിപാടിയുണ്ട്.

ജലവൈദ്യുത പദ്ധതികൾക്ക് ലോകബാങ്കിന്റെ അംഗീകാരവും ധനസഹായവും

* 328. [354] ശ്രീ. സ്റ്റീഫൻ പാടുവ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. രാഘവൻ മാസ്റ്റർ :
,, എ. സി. ജോസ് :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജലവൈദ്യുത പദ്ധതികൾക്കാണ് ലോകബാങ്കിന്റെ അംഗീകാരവും ധനസഹായവും ലഭിച്ചിട്ടുള്ളത് ;

(ബി) അവ ഓരോന്നിന്റെയും പ്രവർത്തനം എത്രത്തോളം പുരോഗമിച്ചു എന്നു പറയാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ലോവർ പെരിയാർ പദ്ധതി.

(ബി) ലോവർ പെരിയാർ പദ്ധതിയുടെ പാർട്ണർ ജോലി ആകെ 13 കിലോ മീറ്റർ ഉള്ളതിൽ 4 കിലോ മീറ്റർ ഇതുവരെ പൂർത്തിയായിട്ടുണ്ട്. ഡാം, പവർഹൗസ് എന്നിവയ്ക്കുള്ള ജോലിക്ക് കരാർ നൽകാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. കൂടാതെ മെഷീനറി വാങ്ങാനുള്ള നടപടികളും എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly